# നോമ്പ് ഒന്നാം ഞായർ

## പുറ 34:5–9, 27–28: ഏശ 58:1–10; എഫേ 4:47–32; മത്താ 4:1–11

ഡോ.ജോയ് കാക്കനാട്ട് സി.എം.ഐ.

ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരശിലയായ ഈശോയുടെ മരിച്ചവരിൽ നിന്നുള്ള ഉയിർപ്പുതിരുനാളിന് ഏറ്റവും അനുയോജ്യമായ രീതിയിൽ ഒരുങ്ങുവാനായി തിരുസഭ നിഷ്കർഷിച്ചിരിക്കുന്ന കാലഘട്ടമാണല്ലോ വലിയനോമ്പുകാലം. ഈ കാലത്ത് നമ്മുടെ ചിന്തയ്ക്കും ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി നൽകപ്പെടുന്ന വി. ഗ്രന്ഥവായനകൾ ക്രൈസ്തവമൂല്യങ്ങളെക്കുറിച്ച് നമ്മെ ബോധവൽക്കരിക്കുന്നതിനും, അവയുടെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതരീതികളെ നവീകരിക്കുന്നതിനും ഉതകുന്നവയാണ്.

ഇന്നത്തെ വായനകൾ നോമ്പിന്റെ യഥാർത്ഥ ചൈതന്യമെന്തെന്നു നമ്മെ പഠിപ്പിക്കുന്നു. അതോടൊപ്പം നോമ്പിന്റെ ആവശ്യകത നമുക്ക് കാണിച്ചുതരുകയും ചെയ്യുന്നു. ഓരോ വായനയും നോമ്പാചരണത്തിന്റെ അർത്ഥതലങ്ങൾ വെളിവാക്കുന്നുണ്ട്.

പുറപ്പാട് 34:5–9 പഴയനിയമത്തിലെ ദൈവത്തിന്റെ മനോഹര വിവരണമാണ്. തങ്ങളുടെ ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തെ അവർ മനസ്സിലാക്കിയതിന്റെ ഒരു സംക്ഷിപ്ത രൂപമാണിത്. പഴയനിയമത്തെ മുഴുവൻ ബന്ധിപ്പിക്കുന്ന ദൈവശാസ്ത്ര തന്തു ആണ് 34:6 എന്ന് പറയുന്നതിൽ തെറ്റില്ല (Hosea 11:8-9; Micah 7:18-20; Joel2:12-14; Jonah 4:2; Ps 103: 8-9 ). ഇസ്രായേൽ മക്കൾ തങ്ങളുടെ ജീവിതത്തിൽ സദാ സന്നിഹിതനായ യാഹ്വെയെ അനുഭവിച്ചറിഞ്ഞത് കാരുണ്യവാനും, കൃപാനിധിയും, കോപിക്കുന്നതിൽ വിമുഖനും, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരനും, ക്ഷമിക്കുന്നതിൽ വിശാലഹൃദയനും ശിക്ഷിക്കുന്നതിൽ കർക്കശനായവനുമായിട്ടാണ്. ആ ദൈവത്തോടാണ് ജനങ്ങൾക്കു വേണ്ടി മോശ മാദ്ധ്യസ്ഥ്യം വഹിക്കുന്നത്. തെറ്റ് ചെയ്ത് തിരികെ വരുമ്പോൾ തെറ്റുചെയ്തുവനോട് ക്ഷമിച്ചുകൊണ്ട് അവനെ സ്വീകരിക്കുന്ന ദൈവത്തിന്റെ ചിത്രം നോമ്പുകാലത്ത് പാപങ്ങൾ ഏറ്റുപറഞ്ഞ് ദൈവത്തിലേയ്ക്ക് തിരികെവരുവാൻ നമ്മെയും ക്ഷണിക്കുന്നു. പഴയനിയമം നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്ന ദൈവത്തിന്റെ പൂർണ്ണമായ രൂപം നമുക്കു ദർശിക്കാൻ സാധിക്കുക ഈശോയിലാണ്.

ഏശ 58:1–10 നോമ്പിന്റെയും ഉപവാസത്തിന്റയും സാമൂഹ്യ പ്രതിബദ്ധതയുടെ മാനമാണ് ഊന്നിപ്പറയുക. ദൈവവുമായുള്ള അനുരഞ്ജനം നോമ്പിന്റെ ഒരു അവിഭാജ്യഘടകമാണെങ്കിൽ അതിന്റെ മറ്റൊരു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഘടകമാണ് നാം ജീവിക്കുന്ന സമൂഹത്തിലെ അംഗങ്ങളുമായുള്ള നീതിപൂർവ്വകമായ വർത്തനം. സഹജീവികളോടുള്ള സുതാര്യവും ധാർമ്മികവും സഹോദര സ്നേഹത്തിലധിഷ്ഠിതവുമായ പെരുമാറ്റം ദൈവത്തെ പ്രീതിപ്പെടുത്താൻ അനിവാര്യമാണെന്ന പ്രവാചക ചിന്ത ഇവിടെയും വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. കുറെ ആചാരാനുഷ്ഠാനങ്ങളിലൂടെ സ്വയം എളിമപ്പെടുത്തി, ദൈവത്തെ സന്തോഷിപ്പിക്കാനുള്ള ഉപവാസം ഹൃദയങ്ങളെ മനസ്സിലാക്കുന്ന ദൈവത്തിന്റെ നീതിബോധത്തിന്റെ മുമ്പിൽ വിലപ്പോവില്ല എന്നാണ് പ്രവാചകൻ പറയുക. ജീവിത്തിലെ വ്യാപാരങ്ങളെ സ്പർശിക്കാത്ത ആചാരവിധികളും പ്രാർത്ഥനാരീതികളും ദൈവസന്നിധിയിൽ സ്വീകാര്യമായിരിക്കില്ല. ചാക്കുടുക്കുന്നതിലൂടെയും ചാരം പൂശുന്നതിലൂടെയും ദ്യോതിപ്പിക്കുന്ന സ്വയം വിനീതമാക്കൽ നാം ചെയ്തു കൂട്ടുന്ന നീതി നിഷേധവും അനീതിയുടെ പ്രവൃത്തികളും നീക്കം ചെയ്യുന്നതിലാണ് പ്രകടമാക്കേണ്ടത്. ശരിയായ ഉപവാസം ആവശ്യപ്പെടുന്ന കാര്യങ്ങൾ ഇവിടെ അക്കമിട്ടു പറയുന്നുണ്ട്: കീഴിൽ ജോലിചെയ്യുന്ന വേലക്കാരോട് മാന്യമായി പെരുമാറുക; തിൻമയുടെ പദ്ധതികളിൽനിന്ന് ഓടിയകലുക; ഭവനരഹിതർക്ക് അന്തിയുറങ്ങാൻ സ്ഥലം നൽകുക; വിവസ്ത്രരായവർക്ക് ഉടുതുണി നൽകുക. ഏശയ്യാ ആവശ്യപ്പെടുന്ന ഇക്കാര്യങ്ങൾ അന്നത്തേതുപോലെ ഇന്നും പ്രസക്തമാണ്. ശരിയായ നോമ്പാചരണം വിഭൂതി ദിവസത്തെ നെറ്റിയിലെ ചാരം പൂശലിലോ, എതെങ്കിലും ഇഷ്ടഭോജനത്തിന്റെ ഉപേക്ഷയിലോ ചുരുങ്ങരുത്. മറിച്ച് ശരിയായി നോമ്പ് നമ്മെ ഗ്രസിച്ചിരിക്കുന്ന പലതരത്തിലുള്ള അടിമത്തങ്ങളിൽ നിന്നും ബന്ധനങ്ങളിൽനിന്നും വിടുതൽ നേടുവാൻ പരിശ്രമിക്കുന്നതിലൂടെയും മറ്റുള്ളവരുമായുള്ള ബന്ധങ്ങളിലുള്ള താളപ്പിഴകളും പിരിമുറുക്കങ്ങളും ലഘൂകരിക്കുന്നതിലൂടെയും പ്രകടമാക്കണം. ചെയ്യേണ്ട  കടമകൾ ചെയ്യുകയും പാടില്ലാത്തതു ചെയ്യാതിരിക്കുകയും മറ്റുള്ളവർക്ക് അർഹതപ്പെട്ടതു കൊടുക്കുകയും, അർഹതയില്ലാത്തതു വഞ്ചവഴിയെ നേടിയെടുക്കുന്ന പ്രവണത ഇല്ലാതാക്കുകയും ചെയ്യുമ്പോൾ കർത്താവിനു സ്വീകാര്യമായ ഉപവാസമാകും നമ്മുടേത്.

എഫേ 4:27–32 ഉം നോമ്പിന്റെ ഈ ക്രിയാത്മക മാനത്തെയാണ് ചൂണ്ടിക്കാണിക്കുക. സമയം പാഴാക്കാതെ ദൈവം തന്ന കഴിവുപയോഗിച്ച് ജോലിചെയ്യുവാനും അതിൽനിന്നു ലഭിക്കുന്ന സമ്പാദ്യത്തിന്റെ പങ്കുവച്ച് ഇല്ലായ്മയനുഭവിക്കുന്നവരെ ഉദ്ധരിക്കാൻ യത്നിക്കണമെന്നും പൗലോസ് ശ്ലീഹാ ഉപദേശിക്കുന്നു. സംസാരത്തിലെ മിതത്വവും ഉദാത്തീകരണവുമാണ് നോമ്പിലൂടെ ആർജ്ജിച്ചെടുക്കേണ്ട പുണ്യം.

ഈശോ നേരിട്ട പ്രലോഭനങ്ങളുടെ വിവരണം ഏതൊരു സാധാരണ മനുഷ്യനും അനുദിനജീവിത

ത്തിൽ നേരിടാവുന്ന പരീക്ഷണങ്ങളെയും പ്രലോഭനങ്ങളെയും പറ്റിയല്ല പ്രതിപാദിക്കുക; മറിച്ച് ദൈവപുത്രനായ ഈശോ  നേരിടേണ്ടിവന്ന അസ്തിത്വാത്മക സംഘർഷമാണ്. സാത്താൻ ഇവിടെ തിന്മയുടെ സ്വാധീനശക്തിയെയും വശീകരണ രീതിയെയുമാണ് പ്രതിനിധാനം ചെയ്യുക. മാലാഖമാരാകട്ടെ ദൈവിക സാന്നിദ്ധ്യത്തെയും സഹായത്തെയും ദ്യോദിപ്പിക്കുന്നു. ഇവിടെ അന്തർലീനമായിയിരിക്കുന്ന ഒരു ചിന്ത ഏതു ശക്തിയാണ് ഈ ലോകത്തിൽ പ്രബലമായിട്ടുള്ളത് എന്നതാണ്. കീഴ്വഴങ്ങാൻ കൂട്ടാക്കാത്ത തിന്മയുടെ ശക്തിയാണോ അതോ തന്റെ മാലാഖാമാരെ അയച്ച് തന്നോട് അനുസരണം കാണിച്ചവനെ സംരക്ഷിക്കുന്ന ദൈവമോ? ഈശോയുടെ ജീവിതം വെളിപ്പെടുത്തുന്നതുപോലെ അവസാനവിജയം ദൈവത്തിന്റെ സജീവസാന്നിദ്ധ്യത്തിനായിരിക്കും.

പ്രലോഭനങ്ങളിലൂടെയുള്ള ദൈവികശക്തിയുടെ എതിരാളിയുമായുള്ള ഏറ്റുമുട്ടലിൽ ഈശോ ദൈവത്തിന്റെ പക്ഷത്താണെന്ന് അസന്ദിഗ്ദ്ധമായി  സ്ഥാപിക്കുകയാണ്. ഈശോയ്ക്കുണ്ടായതായി രേഖപ്പെടുത്തിയിരിക്കുന്ന മൂന്നു പ്രലോഭനങ്ങൾ അവിടുത്തെ പിതാവായ ദൈവത്തോടും അവിടുന്നിലുള്ള പരിപൂർണ്ണ ആശ്രയത്വത്തെയും ചോദ്യം ചെയ്യുന്നതായിരുന്നു. ഓരോ പ്രലോഭനവും താൻ ആരുടെ പക്ഷത്താണെന്ന് തീരുമാനിക്കുന്നതിനുള്ള വെല്ലുവിളിയായിരുന്നു. ഓരോ വെല്ലുവിളിയോടും ഈശോ ശാന്തമായി, വ്യക്തമായി ആധികാരികതയോടെ സംശയലേശമെന്യേ പ്രതികരിച്ചു. ഓരോ തവണയും താനും ദൈവവുമായുള്ള ബന്ധത്തെ അവിടുന്ന് വിശദീകരിച്ചു. അരക്കിട്ടുറപ്പിച്ചു.

മൂന്നുപ്രലോഭനങ്ങളും അടിസ്ഥാനപരമായി ഈശോയെ സംബന്ധിച്ചിടത്തോളം തനിക്ക് ലഭിച്ചിരുന്ന കഴിവുകളെ സ്വാർത്ഥലാഭത്തിനു വേണ്ടി വിനിയോഗിക്കാനുള്ള പ്രേരണകളായിരുന്നു. ഒന്നാമത്തേതിൽ തനിക്കുള്ള സിദ്ധിയെ തന്റെ വിശപ്പടക്കാൻ വിനിയോഗിക്കുവാനായിരുന്നു. വിശപ്പ് ജീവനുമായി ബന്ധപ്പെട്ടാണിരിക്കുക. തന്റെ അത്ഭുതസിദ്ധിയെ സ്വന്തം വിശപ്പടക്കാൻ വിനിയോഗിച്ചാൽ തന്റെ ജീവിതം ഭക്ഷണത്തെ മാത്രം ആശ്രയിച്ചിരിക്കുന്നുവെന്നാകും. എന്നാൽ, ഈശോയെ സംബന്ധിച്ചിടത്തോളം തന്റെ ജീവൻ ദൈവഹിതത്തോടുള്ള സുദൃഢമായ ബന്ധത്തിലാണ് നങ്കൂരമിട്ടിരിക്കുക.

ദൈവത്തിന്റെ വാഗ്ദാനത്തെ പരീക്ഷിക്കാനായി സ്വയം അപകടത്തിൽ ചാടാനുള്ള പ്രലോഭനമാണ് രണ്ടാമത്തേത്. എന്നാൽ, ഈ തൃഷ്ണ സ്വന്തം കഴിവുതെളിയിക്കാനുള്ള പ്രേരണതന്നെയാണ്. നമ്മൾ തീർച്ചയായും ദൈവത്തിന്റെ വാഗ്ദാനങ്ങളെ വിശ്വസിക്കുകയും ആശ്രയിക്കുകയും വേണം, പക്ഷേ, അറിഞ്ഞുകൊണ്ട് അപകടം ക്ഷണിച്ചുവരുത്തി ദൈവത്തിന്റെ സംരക്ഷണയെ പരീക്ഷിക്കരുത്. ആവശ്യമില്ലാത്ത സാഹസികതയിലൂടെ ദൈവത്തെ പരീക്ഷിക്കുന്നത് തെറ്റാണ്. ശരിയായ കാര്യം നമ്മുടെ കഴിവും വിവേകവും ഉപയോഗിച്ച് അപകട സാഹചര്യങ്ങൾ ഒഴിവാക്കുക, നമ്മുടെ കഴിവിനപ്പുറമുള്ള കാര്യങ്ങൾ ദൈവത്തിന് വിട്ടുകൊടുക്കുക.

അധികാരത്തിന്റെ മത്തുപിടിപ്പിക്കുന്ന വശ്യതയാണ് മൂന്നാമത്തെ പ്രലോഭനം. അധികാരം കൈപ്പിടിയിലൊതുക്കുവാൻ ഏതു കുത്സിതമാർഗ്ഗവും സ്വീകരിക്കാനുള്ള നിർദ്ദേശമാണ് സാത്താൻ വയ്ക്കുക. ലോകത്തെ മുഴുവൻ സ്വന്തം കരവരുതിയിൽ നിർത്താൻ തക്ക അധികാരം നൽകാൻ തയ്യാറായി നിൽക്കുന്ന സാത്താന്റെ മുമ്പിൽ തലകുനിച്ചാൽ എല്ലാ അധികാരവും ലഭ്യമാകുമെന്ന അറിവ് വലിയ പ്രലോഭനം തന്നെ. പക്ഷേ, ഈശോ ഇവിടെയും സാത്താന്റെ കെണിയിൽ വീണില്ല. മറിച്ച്,  ദൈവത്തെ ഏക നാഥനായി അംഗീകരിച്ച് അവിടുത്തേയ്ക്ക് കീഴ്വഴങ്ങുന്നതാണ് ശരിയായ ദൈവികബന്ധത്തിന്റെ അടിസ്ഥാനമെന്ന് സമർത്ഥിച്ചുകൊണ്ട് സാത്താന്റെ പരിശ്രമത്തെ പരാജയപ്പെടുത്തുന്നു.

ദൈവത്തിന്റെ പ്രീതിക്കുപാത്രമായ ഈശോയ്ക്കുണ്ടായ പ്രലോഭനങ്ങൾ മാമ്മോദീസ സ്വീകരിച്ച് ക്രിസ്തു അനുയായിയായിത്തീരുന്ന ഏവർക്കും വളർച്ചയുടെ വഴിയിൽ നേരിടാവുന്ന പരീക്ഷകളിലേയ്ക്കു വിരൽ ചൂണ്ടുന്നു. ദൈവത്തിന്റെ വചനത്തിൽ നങ്കൂരമിട്ട്, ദൈവവുമായുള്ള ബന്ധത്തെ അടിസ്ഥാനമാക്കി ഈശോ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ചു. നോമ്പുകാലം നമ്മെയും വിശുദ്ധിയുടെ വഴിയിൽ ഉണ്ടാകാവുന്ന പ്രതിബന്ധങ്ങളെ ദൈവവുമായുള്ള ബന്ധത്തിന്റെ ഉറപ്പിൽ വിജയിക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്. പ്രാർത്ഥനയുടെ ഐക്യത്തിൽ, കൂടെപ്പിറപ്പുകൾക്ക് ആശ്വാസം നൽകുന്ന കാരുണ്യപ്രവൃത്തികളിൽ വ്യാപരിച്ചുകൊണ്ട്, നീതിപൂർവ്വകമായ മനുഷ്യബന്ധങ്ങൾ വളർത്തിയെടുത്തുകൊണ്ട്, ഈ നോമ്പുകാലം അർത്ഥവത്തായി ജീവിക്കാം. സാത്താന്റെ മിന്നുന്ന മോഹനവാഗ്ദാനങ്ങളെ ദൈവാത്മാവിന്റെ ശക്തിയാൽ ദൈവത്തിലുള്ള കൈയാളിക്കലിലൂടെ നിഷ്പ്രഭമാക്കാം. അങ്ങനെ ഉത്ഥാനത്തിന്റെ മഹിമയ്ക്ക് നമ്മെ ഒരുക്കാം.